**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണവകുപ്പ് - കല്പകഞ്ചേരി പഞ്ചായത്തിലെ പതിനൊന്നാം വാർഡിലെ ശ്രീമതി. കദിയ എന്നവരെ ലൈഫ് ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**തദ്ദേശ സ്വയംഭരണ (ഡി.ബി)വകുപ്പ്**

**സ.ഉ(സാധാ) നം.2910/2018/തസ്വഭവ** **തിരുവനന്തപുരം, തീയതി,14.11.2018**

==========================================================================

പരാമർശം: 1. കല്പകഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 25.07.2018-ലെ 12(1)-ാം നമ്പർ ഭരണസമിതി തീരുമാനം

2. മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 24.09.2018-ലെ കത്ത്.

3. 16.10.2018-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 4.23-ാം നമ്പർ തീരുമാനം.

**ഉത്തരവ്**

ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടിരുന്ന ശ്രീമതി. കദിയ എന്ന ആളിന്റെ റേഷൻ കാർഡിൽ പേരുള്ള മകൻ ശ്രീ.ഉസ്സൽ എന്ന ആൾക്ക് ഒരു വീടുണ്ട് എന്ന കാരണത്താൽ ശ്രീമതി. കദിയയെ വി.ഇ.ഒ.യുടെ ശുപാർശ പ്രകാരം അർഹതാ ലിസ്റ്റിൽ നിന്ന് ഒഴിവാക്കിയിരുന്നു. ഇവർക്ക് മറ്റാരും സഹായത്തിനില്ലെന്നും ബധിരനും മൂകനുമായ മറ്റൊരു മകനോടൊപ്പം വാടക വീട്ടിലാണ് താമസിക്കുന്നതെന്നും അതിനാൽ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന പരാമർശം(1)ലെ കല്പകഞ്ചേരി ഗ്രാമപഞ്ചായത്ത് തീരുമാനം കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്കായി പരാമർശം (2) പ്രകാരം മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസർ സമർപ്പിച്ചിരുന്നു.

2. ഇക്കാര്യം 16.10.2018-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി പരിശോധിച്ചു. കമ്മിറ്റിയുടെ പരാമർശം (3) ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കല്പകഞ്ചേരി പഞ്ചായത്തിലെ പതിനൊന്നാം വാർഡിലെ ശ്രീമതി. കദിയ എന്നവരെ ലൈഫ് ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു.

3. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഇത് സംബന്ധിച്ച് ആവശ്യമായ തുടർനടപടി കൈക്കൊള്ളേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ്സി സ്റ്റീഫൻ**

**ജോയിന്റ് സെക്രട്ടറി**

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ

ജില്ലാ പ്ലാനിംഗ് ഓഫീസർ, മലപ്പുറം

സെക്രട്ടറി, കല്പകഞ്ചേരി ഗ്രാമപഞ്ചായത്ത്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

തദ്ദേശ സ്വയം ഭരണ (ഡിഎ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് [illegible]